
ചരിത്രാഖ്യായിക

●

**അബ്ദുർറഹ്മാൻ മങ്ങാട്**



# സൈനബ്(റ) - 4

# യസ്‌രിബിലേക്ക്

**പുറപ്പെടാനുള്ള സമയം സമാഗതമായി. വെറുപ്പോ വിരോധമോ ഇല്ലാതെ സ്നേഹപൂർവം സൈനബ് അബുൽആസ്വിനോട് യാത്രപറഞ്ഞു. എല്ലാ നിയന്ത്രണങ്ങളും വിട്ട അദ്ദേഹം തലതാഴ്ത്തി കണ്ണീർ തുടച്ചു. സൈദും കൂട്ടുകാരനും കാത്തിരിക്കുന്ന സ്ഥലത്ത് സൈനബിനെ എത്തിക്കാൻ അബുൽആസ്വ് സ്വസഹോദരൻ കിനാനയെ ഏൽപിച്ചു.**

**അബുൽആസ്** സുരക്ഷിതനായി വീട്ടിൽ മടങ്ങിയെത്തി. സംഭവിക്കാമായിരുന്ന ദുരന്തം അകന്നുപോയതിന്റെ ആഹ്ലാദാതിരേകത്തിലായിരുന്നു സൈനബിന്റെ ഹൃദയം. ഭർത്താവിന്റെ മോചനത്തിലുള്ള സന്തോഷത്താൽ മനസ് തുള്ളിച്ചാടി. എങ്കിലും വികാരം പുറത്തുകാണിക്കാതെ നിയന്ത്രിച്ചു. ഉപ്പയുടെ വിജയശേഷം അബുൽആസ്വ് തന്റെയും തന്റെ രണ്ടു മക്കളുടെയുമടുത്ത് സുരക്ഷിതനായി മടങ്ങിയെത്തിയതിൽ അവൾ അല്ലാഹുവിനെ സ്തുതിച്ചു. ഇനിയെങ്കിലും ഭർത്താവിന്റെ മനസ്സ് ഇസ്‌ലാമിലേക്ക് ആകർഷിക്കപ്പെടേണമേ എന്നവർ പ്രാർഥിച്ചു.

അബുൽആസ്വിന്റെ മുഖത്തുള്ള മ്ലാനതയും ദുഃഖവും സ്വന്തം സന്തോഷാധിക്യത്തിൽ സൈനബ് ശ്രദ്ധിച്ചിരുന്നില്ല. അബുൽആസ്വിന്റെ പെരുമാറ്റത്തിൽ യുദ്ധക്കെടുതിയിൽനിന്നു മോചിതനായി വീട്ടിലേക്കു തിരിച്ചെത്തിയ ഒരാളുടെ ആവേശമൊന്നും ഇല്ലായിരുന്നു. അയാൾ എന്തോ പറയാൻ ശ്രമിക്കുന്നുണ്ടെന്ന് സൈനബ് അറിഞ്ഞു. തന്റെ വാക്കുകൾ ഭാര്യയിൽ സൃഷ്ടിക്കുന്ന ആഘാതം കാണാതിരിക്കാൻ കണ്ണുകൾ അടച്ചുപിടിച്ചാണ് അബുൽആസ്വ് സംസാരിച്ചത്.

"സൈനബ്, നിന്നെ ഇവിടെനിന്നും ഉപ്പയുടെ അടുത്തേക്ക് യാത്രയയക്കാനാണു ഞാൻ വന്നത്."

സൈനബ് ഞെട്ടി. തുടിക്കുന്ന ഹൃദയത്തോടെ അവൾ ചോദിച്ചു - "അങ്ങെന്താണു പറഞ്ഞത്? ഇനി നമ്മൾ കാണില്ലേ...?"

അബുൽആസ്വ് ശാന്തമായ സ്വരത്തിൽ പറഞ്ഞു - "ഇന്ന് ഞാനല്ല യാത്ര ചെയ്യുന്നത്. നീയാണ് യാത്രക്കാരി."

സൈനബ് തരിച്ചുനിന്നു. ഇതിനാ

**ഹുബാറിനെയും കൂട്ടുകാരനെയും പിടികിട്ടിയാൽ കഠിന മായി ശിക്ഷിക്കണമെന്ന് അദ്ദേഹം കൽപന പുറപ്പെടുവിച്ചി രുന്നു. ഗർഭിണിയായ ഒരു യുവതിയെ, അതും പലായനമ ധ്യേ പ്രകോപനമൊന്നുമില്ലാതെ കടന്നാക്രമിക്കുന്നതിലെ ധാർഷ്ട്യത്തെ മാതൃകാപരമായി കൈകാര്യം ചെയ്യണമെന്നത് ഒരു നവരാഷ്ട്ര നാഗരികതയുടെ ശിൽപിയെന്ന നിലയിൽ പ്രവാചകന്ന് അനിവാര്യമായിരുന്നിരിക്കണം.**

യിരുന്നോ താൻ പ്രാർഥനയോടെ കാത്തുനിന്നത്? മുഹമ്മദിനെ മാനസി കമായി ഒറ്റപ്പെടുത്താൻ ഖുറൈശീ പ്രമുഖർ നാനാതരം പ്രയാസങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത് അവൾക്കറിയാമായിരുന്നു. റുഖിയ്യ യെയും ഉമ്മുഖുൽസൂമിനെയും വിവാ ഹമോചിതരാക്കി തിരുമേനിയുടെ ഭവ നത്തിലേക്ക് മടക്കി അയക്കണമെന്ന് ഖുറൈശീ നേതാക്കൾ ആവശ്യപ്പെട്ട പ്പോൾ അവരത് അനുസരിച്ചതും, വേദ നാപൂർവം തന്റെ സഹോദരികൾ തുണ യില്ലാതെ വീട്ടിലേക്കു മടങ്ങിവന്നതും സൈനബ് കണ്ടതാണ്. പക്ഷേ, അപ്പോ ഴൊക്കെയും അബുൽആസ് ആ ആവശ്യം നിരസിക്കുകയായിരുന്നു വെന്ന് സൈനബിനറിയാം. ഖുറൈശി കൾ ഇത്രത്തോളം പറഞ്ഞിരുന്നു - "നീ സൈനബുമായുള്ള ബന്ധം വേർപ്പെടുത്തണം. ഖുറൈശിക ളിൽനിന്ന് നിനക്കിഷ്ടമുള്ള ഏതു പെൺകുട്ടിയെ വേണമെങ്കിലും വിവാഹം ചെയ്തു തരാം." ഉറച്ച മറുപ ടിയായിരുന്നു അബുൽആസിന്റേത്. "ഇല്ല, പടച്ചവനാണു സത്യം. ഞാനെന്റെ ഭാര്യയെ വിട്ടുപിരിയില്ല. എന്റെ പെണ്ണിനുപകരം മറ്റേതു പെണ്ണിനെ വിവാഹം കഴിച്ചുതരാമെന്നു പറഞ്ഞാലും എനിക്കതു സ്വീകാര്യമ ല്ല."

ബദർയുദ്ധത്തിൽ ഖുറൈശി കൾക്കേറ്റ വൻതിരിച്ചടിയെത്തുടർന്ന് അവർ അബുൽആസിനോട് ഇതേ ആവശ്യം വീണ്ടും ഉന്നയിച്ചതായിരി ക്കുമോ? അങ്ങനെയെങ്കിൽ തന്നെ എന്തിനത് തന്റെ ഭർത്താവ് സമ്മതി ക്കുന്നു?

അവൾക്കൊന്നും വ്യക്തമായില്ല. ഇനിയെന്തു ചെയ്യുമെന്ന ദുഃഖത്തോടും നിരാശയോടും അവൾ ചുമരിൽ ചാരി യിരുന്നു. അവളുടെ മനസ്സിലെ സംശയം മനസ്സിലാക്കിയ അബുൽ ആസ് വളരെ സ്നേഹത്തോടെ പറഞ്ഞു: "പ്രിയേ, നിനക്കു പടച്ചവന്റെ അനുഗ്രഹമുണ്ടാകും. നിന്നെ മടക്കി അയക്കണമെന്ന് എന്നോട് ആവശ്യപ്പെ ട്ടത് നിന്റെ ഉപ്പയാണ്. ഇസ്‌ലാം നാം തമ്മിലുള്ള ബന്ധം വേർപ്പെടുത്തിയിരി ക്കുന്നു. എന്റെ താൽപര്യം ഇതിൽ തീരെയില്ല. നിന്നെ മടക്കി അയക്കാ മെന്ന് ഞാൻ ഉപ്പാക്ക് വാക്കുകൊ ടുത്തു കഴിഞ്ഞു. അത് ലംഘിക്കാൻ എനിക്കു കഴിയില്ല." സൈനബ് എല്ലാം കേട്ട് നെടുവീർപ്പിട്ടു.

അവളുടെ മനസ് അവളറിയാതെ യസ്‌രിബിലേക്ക് യാത്രയായി. ഉപ്പയുടെ വാത്സല്യസമൃദ്ധമായ സംസാരവും സഹോദരങ്ങളുടെ സ്നേഹമുത്ത ങ്ങളും മുഹാജിറുകളിലും അൻസ്വാറു കളിലും പെട്ട സ്വഹാബാക്കളുടെ ആത്മാർഥമായ കുശലാന്വേഷണ ങ്ങളും അവൾ മനസ്സിൽ കണ്ടു. അൽപ നേരം മഹാസമാഗമങ്ങളുടെ ആഹ്ലാദം അവളെ മോഹിപ്പിച്ചു. അതേ സമയം വിഷണ്ണനും ഏകാന്തനുമായി കഴിയേ ണ്ടിവരുന്ന തന്റെ ഭർത്താവ് അബുൽ ആസുമായുള്ള വേർപാട് അവളെ വേദനിപ്പിക്കുകയും ചെയ്തു. വളരെ സൗമ്യതയോടെ അവൾ ചോദിച്ചു: "ഇനി നാം എത്ര സമയമാണ് കൂടെക്കഴിയുക?" പതിഞ്ഞ സ്വരത്തിൽ അബുൽആസ് മറുപടി പറഞ്ഞു: "കൂ ടുതലൊന്നുമില്ല. നീ യാത്രക്കുവേണ്ടി തയാറെടുക്കുന്ന ദിവസങ്ങൾ മാത്രം. പിന്നെ അനിവാര്യമായ വേർപാട്."

"ദാറുൽ ഹിജ്റയിലേക്ക് നിങ്ങ ളെന്നെ അനുഗമിക്കുമോ?" അവൾ ആകാംക്ഷയോടെ ചോദിച്ചു. കൺതട ങ്ങളിൽ നിറഞ്ഞ കണ്ണീർ തുടച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു: "ഇല്ല, ഞാൻ കൂടെയുണ്ടാവില്ല. നിന്റെ സഹോദരൻ സൈദ് ബിൻ ഹാരി സയും ഉപ്പയുടെ സഹായികളിൽപെട്ട ഒരു സുഹൃത്തും കൂടെയുണ്ടാകും. അവർ മക്കയിൽനിന്നും എട്ടു കിലോമീ റ്റർ അകലെ യാജിജ് താഴ്‌വരയിലെ ത്തും. അവർ അവിടെ കാത്തിരിക്കും. അവരോടൊപ്പം നിനക്ക് ഉപ്പയുടെ സമീപത്തെത്താം.."

അവൾ തൊട്ടടുത്ത പ്രഭാത ത്തിൽ യാത്രക്കുള്ള തയാറെടുപ്പുകൾ ചെയ്തുതുടങ്ങി. ബദ്റിൽ ഭീമമായ നഷ്ടം സംഭവിച്ച ഉത്ബയുടെ പുത്രി ഹിന്ദ് ഇതുകണ്ടു. മുസ്‌ലിംകളോടു പ്രതികാരം ചെയ്യാൻ ജനങ്ങളെ പ്രേരി പ്പിക്കുന്നതിന് മക്കയിലെ ചന്തകളിലും മദ്യശാലകളിലും ചുറ്റിക്കറങ്ങാനിറങ്ങി യതായിരുന്നു അബൂസ്വുഫ്‌യാന്റെ ഭാര്യയായ അവൾ. ബദ്റിൽ ഹിന്ദിനു ണ്ടായ നഷ്ടം ചെറുതായിരുന്നില്ല. അവരുടെ പിതാവ് ഉത്ബയും പിതൃ വ്യൻ ശൈബയും സഹോദരൻ വലീദും പിതൃവ്യന്മാരായ ഉബൈദത്, ആസി, ഉഖ്ബത്ബ്നു അബീമുഅയ്ത് തുടങ്ങിയവരും ഭർതൃപുത്രൻ ഹൻള ലത്ബ്നു അബീ സ്വുഫ്‌യാനും ബദ റിൽ കൊല്ലപ്പെട്ടിരുന്നു. സൈനബിന്റെ ഒരുക്കം കണ്ടപ്പോൾ തന്നെ കുശാഗ്ര ബുദ്ധിയും പരുഷസ്വഭാവിയുമായ ഹിന്ദിന് കാര്യങ്ങൾ പിടികിട്ടി. പിതാവി നോടൊപ്പം ചേരാൻ മദീനയിലേക്കുള്ള പുറപ്പാടിന്റെ മുന്നൊരുക്കത്തിലാണു സൈനബെന്നു ഹിന്ദ് ഊഹിച്ചു. പക്ഷേ, അവൾക്കു സംശയം തീർക്കേ ണ്ടിയിരുന്നു. അതിനായി അനുനയ ത്തിൽ അവളുടെ അടുത്തുവന്ന് സൗമ്യമായി ചോദിച്ചു: "മുഹമ്മദിന്റെ മോളേ! നീ ഉപ്പയോടൊപ്പം ചേരാൻ യാത്രപോകുന്ന വിവരം എനിക്കു കിട്ടി." എന്തുപറയണമെന്നറിയാതെ സൈനബ് പരിഭ്രമിച്ചു നിന്നു. സൗഹൃദ പൂർവം അവൾ തുടർന്നു: "പിതൃവ്യപു ത്രീ, യാത്രക്കുവേണ്ടി എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ പറയണം. ഞാൻ നിറവേറ്റിത്തരാം. എന്നെ തെറ്റിദ്ധരി ക്കേണ്ട. ആണുങ്ങൾക്കിടയിലുള്ള പക യൊന്നും സ്ത്രീകൾക്കുണ്ടാവില്ല."

സൗമ്യമായ ആ സംസാരം സൈ നബിന്റെ പരിശുദ്ധമായ മനസ്സിൽ അലിവുണ്ടാക്കി. തൊട്ടുടനെ നടക്കാൻ പോകുന്ന യാത്രയെക്കുറിച്ച് ഹിന്ദി നോടു പറയാൻ അവൾ ഭാവിച്ചു. പക്ഷേ, ഉടനടി മനസ്സു വിലക്കി. എന്തോ ഒരു ഭയം. അതിനാൽ അവൾ യാത്രാവിവരം വെളിപ്പെടുത്തിയില്ല. രണ്ടുപേരും അവരവരുടെ വഴിക്കു പിരിഞ്ഞു.

പുറപ്പെടാനുള്ള സമയം സമാഗ

തമായി. വെറുപ്പോ വിരോധമോ ഇല്ലാതെ സ്നേഹപൂർവം സൈനബ് അബുൽആസിനോട് യാത്രപറഞ്ഞു. പുറപ്പെടുമ്പോൾ നാലുമാസം ഗർഭിണിയായിരുന്നു സൈനബ്. ധൈര്യം കൈമോശം വരാതെ അബുൽആസ് പറഞ്ഞു: "സൈനബ്, എന്തുതന്നെ സംഭവിച്ചാലും ജീവിച്ചിരിക്കുവോളം നീയുമായുള്ള സ്നേഹം ഞാൻ നിലനിർത്തും. നാം സംതൃപ്തരായിക്കഴിഞ്ഞ രാപ്പകലുകളെ ധന്യമാക്കിയ മനോഹരസ്വപ്നങ്ങൾ ഈ വീട്ടിൽ നിറഞ്ഞുനിൽക്കും." എല്ലാ നിയന്ത്രണങ്ങളും വിട്ട അദ്ദേഹം തലതാഴ്ത്തി കണ്ണീർ തുടച്ചു. സൈദും കൂട്ടുകാരനും കാത്തിരിക്കുന്ന സ്ഥലത്ത് സൈനബിനെ എത്തിക്കാൻ അബുൽആസ് സ്വസഹോദരൻ കിനാനയെ ഏൽപിച്ചു.

സൈനബ് കയറിയ ഒട്ടകത്തെ തെളിച്ച്, വില്ലുകുലച്ച് കിനാന യാത്രതിരിച്ചു; പകൽവെട്ടത്തിൽതന്നെ. ഖുറൈശികൾ കാണുകയും കേൾക്കുകയും ചെയ്യുന്ന രീതിയിലുള്ള ഈ യാത്ര അവരെ പ്രകോപിതരാക്കി. കുറച്ചു ഖുറൈശീ യുവാക്കൾ ഉടൻ അവരെ പിന്തുടർന്നു. അങ്ങനെ 'ദീത്വുവാ' എന്ന സ്ഥലത്തുവെച്ച് ചെറുപ്പക്കാർ സൈനബിനെയും കിനാനയെയും കണ്ടു. ഹുബാറുബ്നുൽ അസ്‌വദ് ആയിരുന്നു അവരുടെ നേതാവ്. അദ്ദേഹം അമ്പ് തൊടുത്തുവിട്ടു. ബദ്റിൽവെച്ച് മുസ്‌ലിംകളുടെ കൈയാൽ അവന്റെ മൂന്ന് സഹോദരന്മാർ വധിക്കപ്പെട്ട ദുഃഖത്താൽ ഏതാണ്ടൊരു ഭ്രാന്താവസ്ഥയിലായിരുന്നു അവൻ. അമ്പേറ്റ വേദനയിൽ ഒട്ടകം പുളഞ്ഞു. പാവം സൈനബ് ഒരു പാറപ്പുറത്തേക്ക് തെറിച്ചുവീണു. ഒട്ടകത്തെ മുട്ടുകുത്തിച്ച് വില്ലുകുലച്ച് കിനാന ഗർജിച്ചു: "ദൈവമാണു സത്യം. ഒരാളും അടുത്തുപോകരുത്. അടുത്താൽ ഞാനവനെ അമ്പെയ്തു വധിക്കും."

അതുകേട്ടതും ഭീരുക്കൾ ഭയന്നോടി. ദൂരെ മാറിനിൽക്കുകയായിരുന്ന അബൂസുഫ്‌യാൻ അനുനയരൂപത്തിൽ കിനാനയോടു പറഞ്ഞു: "നിന്റെ അമ്പ് താഴെവെക്കൂ. നമുക്കു കാര്യങ്ങൾ സംസാരിക്കാം." കിനാന അമ്പെടുത്തു ആവനാഴിയിൽ വെച്ചു.

അബൂസുഫ്‌യാൻ കിനാനയുടെ അടുത്തുവന്നു പറഞ്ഞു: "കിനാനാ, നീ ചെയ്തത് ശരിയായില്ല. പരസ്യമായി ജനങ്ങളുടെ മുമ്പിലൂടെ ഈ പെണ്ണിനെയും കൊണ്ട് നീ പുറപ്പെട്ടല്ലോ. അത് തികച്ചും ഞങ്ങളെ അപമാനിക്കലാണ്. മുഹമ്മദിൽനിന്നു ഞങ്ങളേറ്റുവാങ്ങേണ്ടിവന്ന പരാജയവും ജീവനാശവുമൊക്കെ നിനക്കും അറിവുള്ളതാണല്ലോ. ഇതു കൂടിയാകുമ്പോൾ ഞങ്ങൾ കൂടുതൽ ദുർബലരാണെന്ന് ജനം തെറ്റിദ്ധരിക്കും. ഈ സ്ത്രീയെ അവളുടെ ഉപ്പയിൽനിന്നു തടയണമെന്ന യാതൊരാഗ്രഹവും നമുക്കില്ല. ഈ ശബ്ദകോലാഹലങ്ങളൊക്കെ അടങ്ങിയാൽ നീയവളെ മടക്കിക്കൊണ്ടുപോവുക. അങ്ങനെയാകുമ്പോൾ, ഞങ്ങളവരെ തിരിച്ചയച്ചുവെന്നു ജനം പറയും. അതിനുശേഷം രഹസ്യമായി നീയവളെ കൊണ്ടുപോയി പിതാവിനെ ഏൽപിക്കുക."

അബൂസുഫ്‌യാൻ നിർദേശിച്ചപ്രകാരം സൈനബിനെ തിരിച്ചുകൊണ്ടുപോവുക എളുപ്പമായിരുന്നില്ല. മദീനയിലെത്തിക്കുക അതിലും പ്രയാസം. സൈനബിനെ തിരിഞ്ഞു നോക്കിയപ്പോൾ കിനാന കണ്ടത് അവർ വേദനയിൽ കിടന്നു പുളയുന്നതാണ്. അവരുടെ ശരീരത്തിൽനിന്നും രക്തം ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു. പാറപ്പുറത്തുള്ള വീഴ്ചയിൽ ഗർഭം അലസിപ്പോയിരുന്നു. അവസാനം പ്രയാസപ്പെട്ടാണെങ്കിലും സൈനബിനെ മക്കയിലെത്തിച്ചു. തന്റെ തന്നെ കക്ഷികളാൽ ആക്രമിക്കപ്പെട്ട പ്രിയപത്നിക്കുവേണ്ടി അബുൽആസ് അഗാധമായി ദുഃഖിച്ചു. രാപ്പകലുകൾ അവരെ ശുശ്രൂഷിച്ച് അദ്ദേഹം അവരുടെ അരികിൽ തന്നെ കഴിഞ്ഞു. ഒരു നിമിഷം പോലും അടുത്തുനിന്നു മാറാതിരിക്കാൻ ശ്രദ്ധിച്ചു. അൽപം ആശ്വാസമായപ്പോൾ കിനാന സൈനബിനെയുംകൊണ്ട് രണ്ടാമതും യാത്ര പുറപ്പെട്ടു. സൈദ് ബിൻ ഹാരിസക്ക് സൈനബിന്റെ യാത്രാ ഉത്തരവാദിത്വം കൈമാറുകയായിരുന്നു ലക്ഷ്യം. അപ്പോഴും രക്തസ്രാവം നിലച്ചിരുന്നില്ല.

ഇത്തവണ പക്ഷേ, ഖുറൈശികളാരും അവരെ പിന്തുടർന്നില്ല.

"നിസ്സഹായയാമൊരു പെണ്ണിനോടാണോ പരാക്രമം?
എങ്ങുപോയ് മറഞ്ഞതീ ചുണയും കരുത്തും ബദ്റിൽ?"

എന്ന് ഹിന്ദ് പോലും അവരെ അധിക്ഷേപിച്ചു പാടി. അതവരെ കൂടുതൽ ഇളിഭ്യരാക്കുകയും ചെയ്തു.

സൈനബിനെ സൈദിന്റെയും കൂട്ടുകാരന്റെയും കൈകളിലേൽപിച്ച സന്തോഷത്തിൽ കിനാന സഹോദരരികിലേക്ക് സമാധാനപൂർവം മടങ്ങിയെത്തി.

യസ്‌രിബ് പ്രവാചക പുത്രിയെ സന്തോഷപൂർവം സ്വാഗതം ചെയ്തു. മക്കയിൽനിന്ന് ആദ്യം പുറപ്പെട്ടപ്പോഴുണ്ടായ ദാരുണമായ സംഭവം അവരുടെ സന്തോഷത്തിനു മങ്ങലേൽപിച്ചു. ഖുറൈശികളെ രൂക്ഷമായി വിമർശിച്ചുകൊണ്ട് ഒരു അൻസ്വാരി കവി ചൊല്ലിയ കവിത യാത്രക്കാരുടെ നാവിലൂടെ മക്കയിലുമെത്തി. പുത്രിയോട് ചെയ്ത ക്രൂരതയിൽ പ്രവാചകനുള്ള രോഷവും അവരറിഞ്ഞു. ഹുബാറിനെയും കൂട്ടുകാരനെയും പിടികിട്ടിയാൽ കഠിനമായി ശിക്ഷിക്കണമെന്ന് അദ്ദേഹം കൽപന പുറപ്പെടുവിച്ചിരുന്നു. ഗർഭിണിയായ ഒരു യുവതിയെ, അതും പലായനമധ്യേ പ്രകോപനമൊന്നുമില്ലാതെ കടന്നാക്രമിക്കുന്നതിലെ ധാർഷ്ട്യത്തെ മാതൃകാപരമായി കൈകാര്യം ചെയ്യണമെന്നത് ഒരു നവരാഷ്ട്ര നാഗരികതയുടെ ശിൽപിയെന്ന നിലയിൽ പ്രവാചകന്ന് അനിവാര്യമായിരുന്നിരിക്കണം. ■

(തുടരും)